**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3948** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥിനികൾക്ക് സൗജന്യ എച്ച്.പി.വി. വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗർഭാശയമുഖ കാൻസർ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് വാക്സിനേഷൻ നൽകുന്നതിന് കർമ്മപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഗർഭാശയഗള കാൻസർ അഥവാ സർവിക്കൽ ക്യാൻസർ ഉണ്ടാകുന്നത് പ്രധാനമായും ഹ്യൂമൻ പാപ്പിലോമ വൈറസ് എന്ന ഒരു അണുബാധ മൂലമാണ്. ആയത് പ്രതിരോധിക്കുന്നതിനായി കൗമാരക്കാരായ പെൺകുട്ടികൾക്ക് ഹ്യൂമൻ പാപ്പിലോമ വൈറസിനെതിരെയുള്ള വാക്സിനേഷൻ നൽകുകയെന്നതാണ് ഏക പ്രതിരോധ മാർഗം. 13 വയസ്സ് മുതലുള്ള കുട്ടികൾക്ക് ഈ വാക്സിൻ നൽകാവുന്നതാണ്. സംസ്ഥാന സർക്കാർ ഹ്യൂമൻ പാപ്പിലോമ വൈറസിനെതിരെയുള്ള HPV വാക്സിനേഷൻ പദ്ധതി ആരംഭിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയതിന്റെ ഭാഗമായി ആലപ്പുഴ, വയനാട് ജില്ലകളെ ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. കൂടാതെ കേരള കാൻസർ കണ്ട്രോൾ സ്ട്രാറ്റജിയിൽ ഗർഭാശയഗള കാൻസർ പ്രതിരോധിക്കുന്നതിനായി വിദ്യാർത്ഥിനികളിൽ HPV വാക്സിനേഷൻ നൽകുന്നതിനെ പറ്റി പ്രതിപാദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 05.03.2025 തീയതിയിലെ ഉത്തരവ് സ.ഉ (സാധാ) നം. 645/2025/ആ.കു.വ പ്രകാരം ഇതിലേയ്ക്കായി വിദഗ്ധർ അടങ്ങുന്ന സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 06.03.2025 ൽ യോഗം ചേരുകയും, ഇതിനായുള്ള മാർഗ്ഗ രേഖ തയ്യാറാക്കുകയും ചെയ്തു. |
| (ബി) | സൗജന്യ എച്ച്.പി.വി. വാക്സിനേഷനുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സൗജന്യ HPV വാക്സിനേഷൻ നൽകുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിനോട് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ വാക്സിനേഷൻ പദ്ധതി കേന്ദ്രസർക്കാർ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഭാഗമായി നടത്തുമെന്ന് |

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. |
| (സി) | ഇതിനായുള്ള മുന്നൊരുക്കങ്ങൾ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | വാക്സിനേഷൻ നൽകാൻ ഉദ്ദേശിക്കുന്ന ജില്ലയിലെ പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കണക്കുകൾ ക്രോഡീകരിക്കുകയും അതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് പ്രത്യേകം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ വാക്സിൻ നിർമ്മാതാക്കളുമായി ചർച്ചചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്കിൽ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ധാരണയിൽ എത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സൗജന്യ വാക്സിനേഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം കേന്ദ്രസഹായം ലഭ്യമാകാത്തതിനാലാണോ; വ്യക്തമാക്കാമോ; | (ഡി) | ഫണ്ടിന്റെ അപര്യാപ്തതയാണ് വാക്സിനേഷൻ നടപ്പാക്കുന്നതിന് കാലതാമസം സൃഷ്ടിക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതിയായി HPV വാക്സിനേഷൻ അനുവദിക്കുമെന്ന് അറിയിച്ചുവെങ്കിലും ആയത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിക്കാത്തതിനെത്തുടർന്നാണ് സംസ്ഥാനം വാക്സിനേഷൻ പദ്ധതിയുമായി മുന്നോട്ടുപോയത്. ഇപ്പോൾ സപ്ലിമെന്ററി PIP-യിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിനോട് ദേശീയ ആരോഗ്യ ദൗത്യം മുഖേനെ ഈ പദ്ധതിക്കായി ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സൗജന്യ വാക്സിനേഷൻ നടപ്പിലാക്കുന്നതിനായി കേന്ദ്രവുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഇല്ല, HPV വാക്സിനേഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ധാരണകളൊന്നും കേന്ദ്ര സർക്കാരുമായി ഏർപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത വാക്സിനേഷൻ സംബന്ധിച്ച് പൊതുസമൂഹത്തിന് അവബോധം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. പുതിയ ഒരു വാക്സിനേഷൻ പദ്ധതി സമൂഹത്തിൽ അവതരിപ്പിക്കുമ്പോൾ വാക്സിനേഷനുമായി ബന്ധപ്പെട്ട ആശങ്കകൾ ജനങ്ങൾക്ക് ഉണ്ടാകുന്നതിന് സാധ്യതയുണ്ട്. പ്രത്യേകിച്ച് കൗമാരക്കാരായ പെൺകുട്ടികൾക്ക് വാക്സിനേഷൻ നൽകുമ്പോൾ സമൂഹത്തിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ വാക്സിനേഷൻ പദ്ധതി ആരംഭിക്കുന്നതിനു മുന്നോടിയായി കാര്യക്ഷമമായ ഒരു ബോധവൽക്കരണ പരിപാടി സമൂഹത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് നടത്തുന്നതിന് ആരോഗ്യവകുപ്പ് പദ്ധതിയിടുന്നു. ഇതിന്റെ ഉള്ളടക്കം തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എംസിസി (പി.ജി.ഐ.ഒ.എസ്.ആർ) നടത്തുന്ന എല്ലാ പൊതുജനാർബുദ ബോധവൽക്കരണ പരിപാടികളിലും HPV വാക്സിനെ കുറിച്ച് |

| | | | |
|---|---|---|---|
| | | | പ്രതിപാദിക്കാറുണ്ട്. ഒൻപതു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ വാക്സിൻ നൽകുന്നത് പ്രോത്സാഹിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ PTA തലത്തിലുള്ള ബോധവൽക്കരണ പരിപാടികളിൽ വാക്സിനെ കുറിച്ച് അവബോധം നൽകാറുമുണ്ട്. കൂടാതെ സ്കൂൾ അദ്ധ്യാപകർക്കായുള്ള അർബുദ പ്രതിരോധ പരിശീലന പരിപാടികളിൽ ഇതൊരു വിഷയമായി അവതരിപ്പിക്കാറുണ്ട്. ഇത്തരത്തിൽ പൊതു ജനങ്ങൾക്കുള്ള സംശയം ദൂരീകരിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. |

സെക്ഷൻ ഓഫീസർ